ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തീരപ്രദേശങ്ങളിൽ താമസിക്കുന്നവരുടെ ഭൂമിക്ക് കൈശാവ കാശരേഖയും കെട്ടിട നമ്പരും മറ്റും ലഭിക്കുന്നതിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് മത്സ്യബന്ധന തുറമുഖ (സി) വകുപ്പ് 22-6-2004-ലെ സ.ഉ (കൈ) നമ്പർ 22/04/മ.തുവ. പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ തീരദേശവാസികൾക്ക് താല്കാലിക കെട്ടിട നമ്പർ അനുവദിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ വെളിച്ചത്തിൽ 10-8-2009-ലെ 48296/ആർ.എ1/09/തസ്വഭവ നമ്പർ സർക്കാർ സർക്കുലർ പ്രകാരം തീരപ്രദേശത്ത് താമസിക്കുന്നവരുടെ വീടുകൾക്ക് താല്കാലിക നമ്പർ ഉടനടി അനുവദിക്കുന്നതിന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിരുന്നു. കൂടാതെ കേന്ദ്ര/സംസ്ഥാന/ തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ധനസഹായത്തോടുകൂടി ഭവനരഹിതരായിട്ടുള്ളവർക്ക് പല ഭവന നിർമ്മാണ പദ്ധതികളും സർക്കാർ പലതലങ്ങളിലും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടെങ്കിലും തീരപ്രദേശത്ത്, നിലവിലുള്ള തീരദേശ നിയന്ത്രണ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ കാരണം അർഹിക്കുന്നവർക്ക് ധനസഹായം അനുവദിക്കുവാൻ നിർവ്വാഹമില്ലാത്ത അവസ്ഥയാണുള്ളത്. തീരദേശ പരിപാലന നിയമത്തിൽ വേലിയേറ്റ രേഖയിൽ നിന്നും 500 മീറ്റർ വരെയുള്ള ഭാഗത്ത് തീരദേശത്തുള്ള പരമ്പരാഗത വാസികൾക്ക് വീടുകൾ നിർമ്മിക്കുന്നതിനും ഉള്ളവ പുനർനിർമ്മിക്കുന്നതിനും ചില നിബന്ധനകളോടുകൂടി അനുവദനീയമാണ്. ഭവന പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങളിൽ മിക്കവയും നിലവിലുള്ളവ പുനർ നിർമ്മിക്കുന്നതിനായി ഉദ്ദേശിക്കുന്നവയാണ്. ഇത്തരത്തിലുള്ള എല്ലാ അപേക്ഷകളും കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി അനുവാദം വാങ്ങുന്നതിനായിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 4-11-2010-ൽ 67370/ആർ.എ.1/2010/തസ്വഭവ. നമ്പർ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

കോഴിക്കോട് ബീച്ചിൽ പബ്ലിക് ടോയ്ലെറ്റുകൾ ഇല്ലാത്തതിനാലുള്ള ബുദ്ധിമുട്ടുകൾ

211 (1969) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ബീച്ചിൽ പബ്ലിക് ടോയ്ലറ്റുകൾ ഇല്ലാത്തതിനാൽ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കോർപ്പറേഷൻ അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ബീച്ച് ബ്യൂട്ടിഫിക്കേഷന്റെ ഭാഗമായി ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം പൂർത്തിയായി വരുന്നു. കൂടുതൽ പബ്ലിക് ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിന് നടപടിയെടുത്തു വരുന്നു. കൂടാതെ ബീച്ച് ഏരിയായിൽ പബ്ലിക് ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ള Skyline builders, Sulabb എന്നീ സ്വകാര്യ സംരഭകരുമായി ചർച്ചകൾ നടന്നു വരുന്നു.

വഖഫ് ബോർഡ് അഴിമതി

212 (1970) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഖഫ് ബോർഡ് അഴിമതിയുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് പ്രകാരം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ :

(ബി) അന്യാധീനപ്പെട്ട ഭൂമി തിരിച്ച് പിടിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വഖഫ് അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അനന്തര നടപടി സ്വീകരിക്കുന്നതിന് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ഇക്കാര്യം ബോർഡ് പരിശോധിച്ചു വരുന്നു.

(ബി) അന്യാധീനപ്പെട്ട വഖഫ് ഭൂമി തിരിച്ച് പിടിക്കുന്നതിന് 1996-ലെ വഖഫ് ആക്ട് 52, 54, 1996-ലെ കേരള വഖഫ് റൂൾ 96, 96 (C) എന്നിവ പ്രകാരം ബോർഡിൽ നിന്നും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

വഖഫ് ബോർഡ് ജീവനക്കാർക്ക് പെൻഷൻ

213 (1971) ശ്രീ. പി. എം. എ. സലാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വഖഫ് ബോർഡ് ജീവനക്കാർക്ക് പെൻഷൻ അനുവദിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ കാര്യത്തിൽ അനുകൂല തീരുമാനമെടുക്കാനുള്ള തടസ്സമെന്താണെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly